"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ബിജു.എസ്-ന് കേന്ദ്ര സർവ്വകലാശാലയുടെ ഇ ശ്രീധരൻ സെൻറർ ഫോർ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ(ESNCLSE CU) പെരിയ ക്യാമ്പസിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ (PGDLSE) പ്രോഗ്രാമിൽ ചേർന്ന് പഠിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.970/2026/LSGD തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. സ.ഉ(കൈ)നം.6/2024/P&ARD തീയതി 07.06.2024
2. സ.ഉ.(സാധാ)നം.381/2024/P&ARD തീയതി 24.09.2024
3. ശ്രീ.ബിജു.എസ്, കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2026ലെ അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.04.2026 ലെ LSGD/PD/10404/2026-DEA1നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ.ബിജു.എസ്-ന് കേന്ദ്ര സർവ്വകലാശാലയുടെ ഇ.ശ്രീധരൻ സെൻറർ ഫോർ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ(ESNCLSE CU) പെരിയ ക്യാമ്പസിൽ 2026 മെയ് മുതൽ 2027 ഏപ്രിൽ വരെയുള്ള കാലയളവിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ (PGDLSE) കോഴ്സിൽ ചേർന്ന് പഠിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2. ഓഫ്‌ലൈൻ/ഓൺലൈൻ മോഡുകളിലായി വാരാന്ത്യങ്ങളിൽ (ശനി,ഞായർ) ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ള ടി കോഴ്സ്, ജോലികൾക്ക് തടസ്സം വരാതെയും ഓഫീസ് പ്രവർത്തന സമയത്തെയോ ഔദ്യോഗിക ചുമതലകളേയോ ബാധിക്കാതെയും സൂചന (1) & (2) സർക്കാർ ഉത്തരവുകൾക്ക് വിധേയമായും പ്രസ്തുത കോഴ്സ് പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ അനുമതി നൽകാവുന്നതാണെന്ന് പാരമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും, ഔദ്യോഗിക കൃത്യനിർവഹണത്തിന് തടസ്സം വരാതെ സൂചന (1) & (2)

സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീബിജു.എസ് -ന് കേന്ദ്ര സർവ്വകലാശാലയുടെ ഇ.ശ്രീധരൻ സെൻറർ ഫോർ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ(ESNCLSE CU) പെരിയ ക്യാമ്പസിൽ 2026 മെയ് മുതൽ 2027 ഏപ്രിൽ വരെയുള്ള കാലയളവിൽ, ഓഫ്ലൈൻ/ഓൺലൈൻ മോഡുകളിലായി വാരാന്ത്യങ്ങളിൽ (ശനി,ഞായർ) ക്ലാസ്സുകൾ ക്രമീകരിച്ച്, നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ലൈഫ് സ്കിൽസ് എഡ്യൂക്കേഷൻ (PGDLSE) പ്രോഗ്രാമിൽ ചേർന്ന് പഠിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.

ശ്രീ.ബിജു.എസ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി, കാസർഗോഡ്( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തൃശ്ശൂർ

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 08-05-2026 11:45:26

സെക്ഷൻ ഓഫീസർ